**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4231** **09-08-2021 - ൽ മറുപടിയ്ക്ക്**

**എൽ.പി.-യു.പി. അദ്ധ്യാപകരുടെ റെഗുലറൈസേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഐ .സി .ബാലകൃഷ്ണൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ചില ജില്ലകളിൽ എൽ.പി.-യു.പി. അദ്ധ്യാപകരുടെ പ്രൊബേഷൻ നടപടികളോ റെഗുലറൈസേഷൻ നടപടികളോ പൂർത്തിയാക്കുന്നതിന് നാലും അഞ്ചും വർഷം എടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാനാവശ്യമായ കർശനനടപടി സ്വീകരിക്കാമോ? | (എ) | പി.എസ്.സി. വെരിഫിക്കേഷന് ശേഷം ലഭിക്കുന്ന സാക്ഷ്യപത്രത്തിന്റെയും, ജില്ലാ പോലീസ് മേധാവിയിൽ നിന്നും ലഭിക്കുന്ന വെരിഫിക്കേഷൻ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തി ലാണ് അദ്ധ്യാപകരുടെ സേവനം റഗുലറൈസ് ചെയ്യുന്നത്. റെഗുലറൈസേഷൻ നടപടികൾ പൂർത്തിയാക്കിയ അദ്ധ്യാപകരുടെ നിരീക്ഷണകാലം പൂർത്തിയാക്കാ-നുള്ള അപേക്ഷകൾ സ്കൂൾ മേധാവി മുഖേന വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്ക് മുൻപാകെ ലഭിക്കുന്ന സമയത്ത് സാങ്കേതികവും നിയമപരവുമായ തടസ്സങ്ങൾ ഇല്ല എന്ന് ഉറപ്പാക്കി പ്രൊബേഷൻ ഡിക്ലയർചെയ്ത് നൽകുന്നുണ്ട്. കോവിഡ് -19 മഹാമാരിയുമായി ബന്ധപ്പെട്ട് കടുത്ത നിയന്ത്രണങ്ങൾ ഉണ്ടായിരുന്നതിനാലും, ആയതിൻമേൽ പൂർണ്ണമായ ഇളവുകൾ ലഭിക്കാത്തതിനാലും അക്കാലയളവില്ലുള്ള പ്രൊബേഷൻ/ റഗുലറൈസേഷൻ നടപടികളിൽ സ്വാഭാവിക കാലതാമസം ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ